GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Press Release

PR.13/2026 29.01.202

**കർഷക യന്ത്ര റിപ്പെയർ സേവനങ്ങൾക്ക് ഡിജിറ്റൽ കരുത്ത്**

**ഫാം മെഷിനറി റിപ്പെയർ സോഫ്റ്റ്‌വെയർ പോർട്ടൽ ഉദ്ഘാടനം ചെയ്ത് സംസ്ഥാനതല വർക്ക്ഷോപ്പ്**

തിരുവനന്തപുരം: കൃഷി മേഖലയിലെ യന്ത്ര സേവനങ്ങൾ കൂടുതൽ കാര്യക്ഷമവും സുതാര്യവും കർഷക സൗഹൃദവുമാക്കുന്നതിനുള്ള കേരള സർക്കാരിന്റെ സുപ്രധാന ഇടപെടലായി, ഫാം മെഷിനറി ക്ലിനിക്കുകൾക്കായി വികസിപ്പിച്ച കേന്ദ്രീകൃത ഡിജിറ്റൽ റിപ്പെയർ ബുക്കിംഗ്&സർവീസ് മാനേജ്മെന്റ് സോഫ്റ്റ്‌വെയർ പോർട്ടൽ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.

കാർഷികവികസന കർഷകക്ഷേമ വകുപ്പ് സംഘടിപ്പിച്ച PM-RKVY-SMAM പദ്ധതിയിലുള്ള നിർമ്മാതാക്കളുടെയും ഡീലർമാരുടെയും സംസ്ഥാനതല വർക്ക്ഷോപ്പ് 2026 ജനുവരി 29-ന് തിരുവനന്തപുരത്തെ ടാഗോർ തിയേറ്ററിൽ നടന്നു. വർക്ക്ഷോപ്പ്കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ് ഉദ്ഘാടനം ചെയ്തു. ഫാം മെഷിനറി റിപ്പെയർ സോഫ്റ്റ്‌വെയർ പോർട്ടലിന്റെയും മൈക്രോ ഇറിഗേഷനെ കുറിച്ചുള്ള കേരള കർഷകൻ മാസികയുടെ പ്രത്യേക പതിപ്പിന്റെയും പ്രകാശനവും ചടങ്ങിൽ നടന്നു.

വർക്ക്ഷോപ്പിന്കൃഷി ഡയറക്ടർ ഡോ. ശ്രീറാം വെങ്കിട്ടരാമൻ IAS അധ്യക്ഷനായി. സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ എഞ്ചിനീയർ രാജ്മോഹൻ .സി.കെ സ്വാഗതം ആശംസിച്ചു.

2025-26 വാർഷിക പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന “സപ്പോർട്ട് ടു ഫാം മെക്കനൈസേഷൻ” പദ്ധതിയുടെ ഭാഗമായാണ് ഈ ഡിജിറ്റൽ സോഫ്റ്റ്‌വെയർ വികസിപ്പിച്ചിരിക്കുന്നത്. സംസ്ഥാനത്തെ 14 ജില്ലകളിലെയും ജില്ലാ കൃഷി എൻജിനീയറിംഗ് ഓഫീസുകളിൽ സ്ഥാപിക്കുന്നഫാം മെഷിനറി ക്ലിനിക്കുകൾ മുഖേന കർഷകർക്ക് വർഷം മുഴുവൻ കൃഷിയന്ത്രങ്ങളുടെ അറ്റകുറ്റപ്പണിയും പരിപാലന സേവനങ്ങളും ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. കർഷകരോടൊപ്പം കർഷക കൂട്ടായ്മകൾ, കൃഷിശ്രീ കേന്ദ്രങ്ങൾ, അഗ്രികൾച്ചർ സർവീസ് സെന്ററുകൾ, കർഷക കർമസേനകൾ എന്നിവർക്കും ഈ സേവനം പ്രയോജനപ്പെടും.

പുതിയ സോഫ്റ്റ്‌വെയർ സംവിധാനം റിപ്പെയർ സേവനത്തിന്റെ മുഴുവൻ ഘട്ടങ്ങളും ഉൾക്കൊള്ളുന്ന സമഗ്ര ഡിജിറ്റൽ പ്ലാറ്റ്ഫോമായി പ്രവർത്തിക്കും. കർഷകർക്ക് മുൻകൂട്ടി റിപെയർ ബുക്കിംഗ് നടത്താനും, യന്ത്രങ്ങളുടെ അറ്റകുറ്റപ്പണിയുടെ പുരോഗതി തത്സമയം അറിയാനും സംവിധാനം സഹായിക്കും. ജോബ് കാർഡ് തയ്യാറാക്കൽ, റിപ്പെയർ പ്രവൃത്തി നിരീക്ഷണം, ബില്ലിംഗ്, റിപ്പോർട്ടിംഗ് തുടങ്ങിയവ പൂർണമായും ഡിജിറ്റൽ രീതിയിൽ കൈകാര്യം ചെയ്യാനാകും.

ഫാം മെഷിനറി ക്ലിനിക്കുകളിൽ ആവശ്യമായ സ്പെയർ പാർട്ടുകളുടെസ്റ്റോക്ക് മാനേജ്മെന്റ്സോഫ്റ്റ്‌വെയറിന്റെ പ്രധാന സവിശേഷതയായിരിക്കും. സ്പെയർ പാർട്ടുകളുടെ ലഭ്യത, വിതരണം, പുനർവാങ്ങൽ ആവശ്യകതകൾ എന്നിവ തത്സമയം നിരീക്ഷിക്കാനാകുന്നതിനാൽ അറ്റകുറ്റപ്പണികളിലെ താമസം കുറയുകയും സേവന കാര്യക്ഷമത വർധിക്കുകയും ചെയ്യുമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ മന്ത്രി പറഞ്ഞു.

ചടങ്ങിൽ അഡീഷണൽ ഡയറക്ടർ (ഫാംസ്) തോമസ് കെ സാമുവേൽ., FIB പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ സിന്ധു K.S., അഗ്രികൾച്ചർ മെഷിനറി നിർമ്മാതാക്കളുടെ സംഘടനയുടെ കേരള ഘടകം പ്രസിഡൻറ് P.C. പ്രസാദ്, ആൾ കേരള ട്രാക്ടർ ഡീലേഴ്സ് അസോസിയേഷൻ പ്രസിഡൻറ് ബിജു കുര്യാക്കോസ് V.എന്നിവർ ആശംസകൾ അർപ്പിച്ചു. എക്സിക്യൂട്ടീവ് എഞ്ചിനീയർ ജയരാജൻ R. നന്ദിപ്രകടനം നടത്തി.

തുടർന്ന് നടന്ന സാങ്കേതിക സെഷനിൽ DBT 2.0 പോർട്ടൽ സംബന്ധിച്ച അവതരണവും SMAM മാർഗ്ഗനിർദ്ദേശങ്ങളിലെ 2025-ലെ പുതുക്കലുകളും സുമേഷ് കുമാർ ടി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ വിശദീകരിച്ചു. SMAM നടപ്പിലാക്കലിലെ വെല്ലുവിളികളും അവസരങ്ങളും വിഷയമാക്കി നടന്ന പാനൽ ചർച്ച എക്സിക്യൂട്ടീവ് എഞ്ചിനീയർ ജയരാജൻ

R. മോഡറേറ്റ് ചെയ്തു.  ഷൈനി ലൂക്കോസ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിർമ്മാതാക്കളുടെയും വിതരണക്കാരുടെയും പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**